പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെ കാര്യാലയം
ഹയർ സെക്കൻററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

ICT Cell/1771/1/HSE/2020 28 th July 2020

# സർക്കുലർ

സൂചന : 1) GO(Rt).No. 2356/2020/G.Edn Dated 27/07/2020
2) GO(Rt)No. 5693/08/Gl.Edn Dated Thiruvananthapuram 31/12/08

## ഏകജാലകപ്രവേശനം 2020 : നിർദേശങ്ങൾ

സൂചന 1 സർക്കാർ ഉത്തരവു പ്രകാരം 2020–2021 അധ്യയനവർഷത്തെ പ്ലസ്‌വൺ പ്രവേശനത്തിനായുള്ള പ്രോസ്പക്ടസ് അംഗീകരിക്കുകയുണ്ടായി. ഏകജാലക സംവിധാനത്തിലൂടെയുള്ള പ്ലസ്‌വൺ പ്രവേശനത്തിനായുള്ള അപേക്ഷകൾ, അപേക്ഷകർക്ക് തന്നെ ജൂലൈ 29 ന് വൈകിട്ട് 5 മണിമുതൽ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും അദ്ധ്യാപകരെയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള ഹെൽപ്പ് ഡസ്ക്കുകൾ, 2020 ജൂലൈ 29 മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതുവരെ വൈസ്-പ്രിൻസിപ്പൽമാരുടെ / പ്രഥമാദ്ധ്യാപകരുടെ നേതൃത്വത്തിൽ കോവിഡ് ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കേണ്ടതാണ്.

സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും അദ്ധ്യാപകരെയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സജ്ജീകരണത്തോടെയുള്ള ഹെൽപ്പ് ഡസ്ക്കുകൾ, 2020 ജൂലൈ 29 മുതൽ പ്രവേശന നടപടികൾ അവസാനിക്കുന്നതു വരെ പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ കോവിഡ് ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പ്രവർത്തിക്കേണ്ടതാണ്.

സ്വന്തമായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തവർക്ക് താമസസ്ഥലത്തിന് സമീപത്തുള്ള ഹൈസ്കൂളിൽ അല്ലെങ്കിൽ ഹയർസെക്കണ്ടറി സ്കൂളിൽ പ്രവർത്തിക്കുന്ന സഹായക കേന്ദ്രങ്ങളിലൂടെ ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ചെയ്ത് കൊടുക്കേണ്ടതാണ്.

സ്കൂളിലെ **ഹെൽപ്ഡെസ്ക്** പ്രോസ്പെക്ടസ്സിലെ ഖണ്ഡിക 5 പ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് **പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും** ഉറപ്പ് വരുത്തണം. ഹെൽപ് ഡെസ്കിന്റെ പ്രവർത്തനത്തിനായി പ്രിൻസിപ്പൽ ഒരു റോസ്റ്റർ തയ്യാറാക്കുകയും പ്രവർത്തനങ്ങളിൽ എല്ലാ അ**ദ്ധ്യാ**പകരുടെയും **അനദ്ധ്യാപകരുടേയും** പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യണം. **2020 ജൂലൈ 29 മുതൽ തുടങ്ങി ഓരോ ദിവസവും**

കുറഞ്ഞത് രണ്ട് അദ്ധ്യാപകരെങ്കിലും സ്കൂൾതല ഹെൽപ്പ് ഡെസ്കുകളിൽ സ്കൂൾ പ്രവൃത്തി സമയം മുഴുവനും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അതത് പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും ഉറപ്പ് വരുത്തണം.

കണ്ടെയ്ൻമെൻറ് സോണുകളിലും കോവിഡ് പ്രാഥമിക ചികിത്സാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകളിലും ഹെൽപ്ഡെസ്കുകൾ സജ്ജീകരിക്കാൻ സാധിക്കാത്തപക്ഷം ഏറ്റവും അടുത്ത കണ്ടെയൻമെൻറ് സോൺ അല്ലാത്ത സ്കൂളുകളിൽ ഹെൽപ്ഡെസ്കുകൾ സജ്ജീകരിച്ചോ അല്ലെങ്കിൽ സ്കൂൾതല ഹെൽപ്ഡെസ്കിൻെറ വിശദവിവരങ്ങൾ പ്രാദേശിക പത്ര ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകി അപേക്ഷകർക്ക് വേണ്ടുന്ന സഹായങ്ങൾ ഓൺലൈനായി ഉറപ്പാക്കണം.

പ്രോസ്പക്ടസിൻെറ രണ്ടോ മൂന്നോ പ്രിൻറഡ് കോപ്പികൾ സ്കൂൾതല ഹെൽപ് ഡെസ്കുകളിൽ ലഭ്യമാക്കണം.

പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ്, സെലക്ട് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ജനറേറ്റർ" സോഫ്റ്റ് വെയർ ഡയറക്ടറേറ്റിൽ അഡ്മിൻ യൂസറിൽ ലഭ്യമാക്കുന്നതായിരിക്കും. മാനേജ്മെൻറ്- കമ്മ്യൂണിറ്റി- അൺഎയിഡഡ് സ്കൂൾ ക്വാട്ടകളിലെ സ്കൂൾതല പ്രവേശനങ്ങൾ പൂർണ്ണമായും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടാകണം.

സ്കൂൾതല ഹെൽപ് ഡസ്കുകൾക്ക് പുറമെ കരിയർ ഗൈഡൻസ്, എൻ.എസ്സ്.എസ്സ് യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിലുള്ള ഹെൽപ് ഡസ്കുകളും എല്ലാ സ്കൂളിലും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നതാണ്. ഇതിനു ആവശ്യമായ സൗകര്യങ്ങൾ എല്ലാ സ്കൂൾ പ്രിൻസിപ്പൽമാരും ചെയ്തുകൊടുക്കേണ്ടതാണ്.

പ്രവേശന സംബന്ധമായ തുടർ നിർദേശങ്ങൾക്കും ഉത്തരവുകൾക്കുമായി അഡ്മിഷൻ വെബ്സൈറ്റായ **www.hscap.kerala.gov.in** ദിവസവും സന്ദർശിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:1) എല്ലാ ഹയർസെക്കണ്ടറി മേഖലാ ഉപഡയറക്ടർമാർക്കും.
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4) എല്ലാ ഹയർസെക്കണ്ടറി ജില്ലാ കോർഡിനേറ്റർമാർക്കും.
5) എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും.
6) എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർമാർക്കും.